# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 70      26.09.2016 ൽ മറുപടിക്ക്

## ആറന്മുള വിമാനത്താവളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്:** | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ; | (എ) | ആറന്മുള വിമാനത്താവളം സ്ഥാപിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വ്യവസായ വകുപ്പിന്റെയും ഗതാഗത വകുപ്പിന്റെയും ഉത്തരവുകളും വിജ്ഞാപനവും റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആറന്മുള വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നില്ല. |
| (ബി) | വിമാനത്താവളവുമായി ബന്ധപ്പെട്ട വിദഗ്ദ്ധസമിതിയെ കെ. ജി. എസ്സ്. ഗ്രൂപ്പ് തെറ്റിദ്ധരിപ്പിച്ചാണ് പഠനത്തിനുള്ള അനുമതി നേടിയെടുത്തതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | തണ്ണീർത്തട സംരക്ഷണ നിയമം, പാരിസ്ഥിതിക സംരക്ഷണ നിയമം എന്നിവ അട്ടിമറിക്കപ്പെട്ടാണ്, കെ. ജി. എസ്. ഗ്രൂപ്പ് വിമാനത്താവള പദ്ധതിയുമായി മുന്നോട്ട് പോയിരിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം ലംഘിച്ച് നെൽവയൽ നികത്തിയ ശ്രീ. കെ.ജെ. ഏബ്രഹാം കലമണ്ണിൽ എന്ന കക്ഷിക്ക് എതിരെയും കമ്പനിക്കെതിരെയും നിയമ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിമാനത്താവളത്തിന് 10% (പത്ത് ശതമാനം) ഷെയർ കേരള സർക്കാരിന് ഉണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ഡി) | കേരളാ ഗവൺമെന്റിന് 10% ഓഹരി പങ്കാളിത്തം നൽകികൊണ്ട് ഗതാഗത വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ജി.ഒ(എം.എസ്) 4/2013/ഗതാ നമ്പർ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | നിയമം ലംഘിച്ച് ഏക്കർ കണക്കിന് പാടശേഖരങ്ങൾ മണ്ണിട്ട് നികത്തിയത്, മണ്ണ് മാറ്റി പഴയ തരത്തിൽ പാടശേഖരങ്ങൾ ആക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ